മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : സർ, എറണാകുളം ജില്ലയിൽ ആലുവ-ഏലൂർ പഞ്ചായത്തിലെ മേത്താനം കടവിൽ പെരിയാറിന് കുറുകെ ഒരു പാലം നിർമ്മിക്കണമെന്ന തദ്ദേശവാസികളുടെ ആവശ്യത്തിന് സർക്കാർ സജീവ പരിഗണന നൽകിയിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർ പല തവണ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ പാലം യാഥാർത്ഥ്യമാകുന്നതോടെ ഏലൂർ മേഖലയുൾക്കൊള്ളുന്ന വ്യവസായ മേഖലയുടേയും അതിൽ വരുന്ന പഞ്ചായത്തുകളുടേയും സമഗ്ര വികസനം സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. മേത്താനം പാലത്തിന്റെ സർവ്വേ ജോലി ഇതിനകം പൂർത്തിയായിട്ടുണ്ട്. Boring പണികൾ നടന്നുവരുന്നു. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനും നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഈ പാലം എത്രയുംവേഗം നിർമ്മിക്കുന്നതിനുമുള്ള തീവ്രശ്രമം നടന്നുവരുന്നു.

## (5) ബേപ്പൂർ പോർട്ടിന്റെ വികസനം

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ബേപ്പൂർ പോർട്ടിന്റെ വികസനത്തിനു വേണ്ടി കോഴിക്കോട്ടെ ഹാരിസൺസ് ഗ്രൂപ്പുമായി 2003 ജനുവരി മാസം ജിം-ൽ എം.ഒ.യു. ഒപ്പുവയ്ക്കുകയുണ്ടായി. തുടർന്ന് ഗവൺമെന്റുമായി ചർച്ച ചെയ്ത് ആവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കി അതിന്റെ പ്രോജക്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് ഗവൺമെന്റിൽ സമർപ്പിച്ചിട്ട് അതിൻമേൽ യാതൊരു നടപടിയും നടന്നിട്ടില്ല. ഗവൺമെന്റ് ജിം-ലുള്ള പ്രവർത്തനങ്ങൾ തടസ്സമാകുന്നതിന് പല കാരണങ്ങളും ഇവിടെ പറയാറുണ്ട്. അങ്ങനെയുള്ള തടസ്സത്തിനുള്ള കാരണങ്ങളൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള കാലതാമസം മാത്രമാണ് കണ്ടുവരുന്നത്. അതുകൊണ്ട് അടിയന്തിരമായി ഇതിന്റെ പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 2003 ജനുവരി 18, 19 തീയതികളിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ബേപ്പൂർ തുറമുഖ വികസനത്തിനുവേണ്ടി ഒരു ധാരണാപത്രം ഹാരിസൺസ് ഗ്രൂപ്പുമായി ഒപ്പുവച്ചു. 250 കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിയാണ് ബേപ്പൂർ തുറമുഖ വികസനത്തിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്. Waste Water House Scoopers എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന ഹാരിസൺസ് ഗ്രൂപ്പ് തയ്യാറാക്കിയ വിശദമായ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. തിരുവനന്തപുരം ക്യാപ്പിറ്റൽ റീജിയൺ ഡെവലപ്മെന്റ് പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക ഉപദേഷ്ടാക്കളായ I.L. and F.S. Infrastructural Development Corporation എന്ന സ്ഥാപനവുമായി ബേപ്പൂർ തുറമുഖ വികസനത്തിനുവേണ്ടി സാമ്പത്തിക-സാങ്കേതിക ഉപദേശം

LIBRARY ARCHIVES Kerala Legislative Assembly

ആരായുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത്ര പെട്ടെന്ന് ഗവൺമെന്റിന് സജസ്റ്റ് ചെയ്യാൻ സാധിക്കുന്നതല്ല. അവർ ഒരു ഏജൻസി മുഖേനയാണ് പ്രൊപ്പോസൽ തന്നിരിക്കുന്നത്. I.L. and F.S.-ഉം ആയി ചർച്ച നടത്താനും തീരുമാനമെടുക്കാനും ഗവൺമെന്റ് ശ്രമിക്കുന്നു. കഴിയുന്നത്ര വേഗം ചർച്ച നടത്തി തീരുമാനിക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഒരു ഫയൽ ഡിപ്പാർട്ടുമെന്റിൽ പോയാലുള്ള സ്ഥിതി നമുക്കെല്ലാപേർക്കും അറിയാമല്ലോ.

## (6) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കരിനില കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച്

ശ്രീ. ഡി. സുഗതൻ : സർ, എന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴയിലെ തകഴി, പുറക്കാട്, അമ്പലപ്പുഴ എന്നീ സ്ഥലങ്ങളും ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റയും ചേർന്ന പ്രദേശമാണ് കരിനിലങ്ങളെന്നു പറയുന്നത്. ഒൻപതിനായിരം ഏക്കർ കരിനിലങ്ങളാണുള്ളത്. അവിടെ കറുത്ത മണ്ണും മരങ്ങളുടെ അവശിഷ്ടങ്ങളും ഉണ്ട്. അവിടെ എപ്പോഴും കൃഷി നഷ്ടമാണ്. 1994 മുതൽ പത്ത് വർഷമായി കൃഷി നഷ്ടമാണ്. ഒന്നുകിൽ വെള്ളപ്പൊക്കംകൊണ്ട് അല്ലെങ്കിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കും. 4500 ഏക്കറോളം കൃഷി ഇപ്പോൾത്തന്നെ ചെയ്യുന്നുണ്ട്. അവിടത്തെ കൃഷിക്കാർ കടംകയറി മുടിയുകയാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യം പറയുന്നതുപോലൊന്നും നടക്കുന്നില്ല. അതുകൊണ്ട് ഈ കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടി ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സ്വീകരിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് മൂന്ന് വർഷമായി. ഇവിടെ ഒരു പുറക്കാട് കരിനില വികസന ഏജൻസി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് ഇപ്പോഴാണ്. അതിന് പത്ത് പൈസപോലും കൊടുത്തിട്ടില്ല. അടിയന്തിരമായി പ്രസ്തുത പുറക്കാട് കരിനില വികസന ഏജൻസിക്ക് രണ്ട് കോടി രൂപ അനുവദിക്കണം. കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഞാൻ വിനീതിമായി അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കരിനില വികസന ഏജൻസിയുടെ പ്രദേശമായ പുറക്കാട്, തകഴി, അമ്പലപ്പുഴ, കരുവാറ്റ എന്നീ പ്രദേശങ്ങളിൽ കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്ക് വിത്തും വളവും സൗജന്യമായും കൃഷി നഷ്ടപ്പെട്ടിട്ടുള്ള മറ്റ് കൃഷിക്കാർക്ക് കൊടുക്കുന്നതുപോലുള്ള ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ നടപടികളെടുത്തിട്ടുണ്ട്. അതിനുപുറമേ പുറക്കാട് കരിനില വികസന ഏജൻസി സംഘടിപ്പിച്ച് കെ.എൽ.ഡി.സി.-യെക്കൊണ്ട് അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യാനും ഏതൊക്കെ മറ്റ് ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുമെന്നുള്ളതിനെ

LIBRARY ARCHIVES Kerala Legislative Assembly